(ബി) വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) 20-8-2010-ലെ ജി.ഒ. (എംഎസ്) നമ്പർ 557/10/എച്ച്&എഫ്. ഡബ്ല്യു.ഡി. പ്രകാരം ചേലക്കര സി.എച്ച്.സി.-യെ താലൂക്കാശുപത്രിയായി ഉയർത്തി ഉത്തരവാകുകയും 26-2-2011-ലെ ജി.ഒ. (എംഎസ്) നമ്പർ 129/2011/എച്ച്& എഫ്. ഡബ്ല്യു.ഡി. പ്രകാരം ടി ആശുപത്രിയിൽ മൊത്തം 8 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുകയും ചെയ്തു. (സ്റ്റാഫ് നഴ്സ്-2, ലാബ് ടെക്നീഷ്യൻ-1, സിവിൽ സർജൻ-1, ജൂനിയർ കൺസൾട്ടന്റ്, ഗൈനക്കോളജി-2, പീഡിയാട്രിക്സ്-1, ഓർത്തോ-1) ഫാർമസിസ്റ്റ് സ്റ്റോർകീപ്പർ, ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലിലെ അപാകതകൾ പരിഹരിക്കുന്നതിനായി ആരോഗ്യവകുപ്പ് ഡയറക്ടർക്ക് മടക്കി നൽകിയിട്ടുണ്ട്.

(ഡി) പാഞ്ഞാൾ, ദേശമംഗലം, വരവൂർ, കൊണ്ടാഴി എന്നീ 24X7 പി.എച്ച്.സി. കളിൽ അടിസ്ഥാന സൗകര്യങ്ങളും ആവശ്യമായ തസ്തികകളും സൃഷ്ടിക്കുന്നമുറയ്ക്ക് ഐ.പി. തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ്‌ആന്റ് ഹെൽത്ത് കെയർ അംഗീകാരം

**26 (4829)** ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതു ആശുപത്രികൾക്ക് 'നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് ആന്റ് ഹെൽത്ത് കെയർ അംഗീകാരം ലഭിച്ചു ; അവ ഏതെല്ലാം ;

(ബി) എൻ.എ.ബി.എച്ച്. അംഗീകാരം ലഭിക്കുന്നതിന് ആവശ്യമായ മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(സി) സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളെയും എൻ.എ.ബി.എച്ച് നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളത്തിൽ ഇതുവരെ ഏഴ് സർക്കാർ ആശുപത്രികൾക്കാണ് ദേശീയ അംഗീകാരം ലഭിച്ചത്. നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് ആന്റ് ഹെൽത്ത് കെയർ അംഗീകാരം ലഭിച്ച ആശുപത്രികളുടെ പേര് ചുവടെ ചേർക്കുന്നു :

1. എറണാകുളം ഗവൺമെന്റ് ജനറൽ ആശുപത്രി
2. തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടെയും ആശുപത്രി
3. ചേർത്തല താലൂക്ക് ആശുപത്രി
4. കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടെയും ആശുപത്രി
5. തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ
6. പാലക്കാട് ഷോർണ്ണൂരുള്ള ഐകോൺസ് ആശുപത്രി
7. എറണാകുളത്തുള്ള സി.എച്ച്.സി. പണ്ടപ്പിള്ളി

ഇതുകൂടാതെ ആലുവയിലെ ബ്ലഡ് ബാങ്കിനും എൻ.എ.ബി.എച്ച്. അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് ആന്റ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സ് (എൻ.എ.ബി.എച്ച്) 636 മാനദണ്ഡങ്ങളാണ് നിഷ്കർഷിച്ചിരിക്കുന്നത്. ഈ മാനദണ്ഡങ്ങൾ 10 അധ്യായങ്ങളിലായി വിവരിച്ചിരിക്കുന്നു. ഈ അധ്യായങ്ങൾ ചുവടെ ചേർക്കുന്നു :

1. രോഗനിർണ്ണയം തുടർന്നുള്ള ചികിത്സ
2. രോഗീപരിചരണം
3. മരുന്നുനൽകൽ
4. രോഗിയുടെ അവകാശങ്ങളും അറിവുകളും
5. ആശുപത്രി അണുബാധ നിയന്ത്രണം
6. ആശുപത്രിയുടെ ഗുണനിലവാരം തുടർച്ചയായി ഉയർത്തുക
7. ആശുപത്രി ഭരണസമിതിയുടെ ഉത്തരവാദിത്തം

8. അടിസ്ഥാന സൗകര്യങ്ങളുടെ നടത്തിപ്പും സുരക്ഷയും

9. മാനവവിഭവശേഷി

10. വിവര ശേഖര സാങ്കേതിക സംവിധാനം.

(സി) പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

**മൊബൈൽ ക്ലിനിക്കുകൾ ആരംഭിക്കാൻ നടപടി**

**27 (4830)** ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചികിത്സാ സൗകര്യങ്ങൾ ലഭ്യമല്ലാത്ത വിദൂര പ്രദേശങ്ങളിലുള്ള ജനങ്ങളുടെ ജീവിതശൈലീരോഗപരിശോധനയ്ക്കും നിർണ്ണയത്തിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ബി) പി.എച്ച്.സി.-കൾ ഇല്ലാത്ത വിദൂര പ്രദേശങ്ങളിൽ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വിദൂര പ്രദേശങ്ങളിൽ വസിക്കുന്ന ജനങ്ങളുടെ ചികിത്സക്കായി മൊബൈൽ ക്ലിനിക്കുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരളത്തിന്റെ പ്രത്യേക ഭൂമിശാസ്ത്രം കാരണം പല പ്രദേശങ്ങളും യാത്രാക്ലേശവും എത്തിപ്പറ്റാൻ വൈഷമ്യമുള്ളതുമായതിനാൽ ഈ പ്രദേശങ്ങളിൽ അധിവസിക്കുന്ന ജനങ്ങൾക്ക് വൈദ്യസഹായം എത്തിക്കുന്നതിന് സാങ്കേതികമായ പരിമിതികളുണ്ട്. മലയോരമേഖലകളിലെ പ്രത്യേകിച്ച് ആദിവാസി മേഖലകളിലും തുരുത്തുകളിലും വെള്ളക്കെട്ടുള്ള പ്രദേശങ്ങളിലും താമസിക്കുന്ന ജനങ്ങൾക്ക് ആതുരാലയങ്ങളിൽ എത്തുന്നതിന് ഏറെ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വരുന്നുണ്ട്. ഈ അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനായി സംസ്ഥാന ആരോഗ്യവകുപ്പ് ആരംഭിച്ച നൂതന പദ്ധതിയാണ് സഞ്ചരിക്കുന്ന ജീവിതശൈലി ക്ലിനിക്കുകളായ 'കെയർ ഓൺ വീൽസ്','കെയർ ഓൺ വേവ്സ്' എന്നിവ.

LIBRARY ARCHIVES Kerala Legislative Assembly